# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല
# കോഓർഡിനേഷൻ സമിതി

**19.06.2013-ൽ കൂടിയ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ്**

യോഗം ഉച്ചയ്ക്ക് ശേഷം 2.15 ന് മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ബഹു. ഗ്രാമവികസന വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ആരംഭിച്ചു. ബഹു. പഞ്ചായത്തു വകുപ്പുമന്ത്രിയും സന്നിഹിതനായിരുന്നു.

1. സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 12.06.2013-ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

2. **പൊതുവിഷയങ്ങൾ**

2.1 2013-14 വാർഷിക പദ്ധതിയിൽ സംസ്ഥാനത്ത് ഇതുവരെ 1208 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി 187000 പ്രോജക്ടുകളുടെ ഡാറ്റാഎൻട്രി നടത്തിയിട്ടുള്ള തായും, ഇവയുടെ മൊത്തം അടങ്കൽ തുക 9289 കോടി രൂപയാണെന്നും, ഇതിൽ പ്ലാൻ ഫണ്ട് 4562 കോടി രൂപയാണെന്നും യോഗം വിലയിരുത്തി. 977 ഗ്രാമപഞ്ചായ ത്തുകളിലായി 151748 പ്രോജക്ടുകളും ( അടങ്കൽ 5425 കോടി രൂപ), 152 ബ്ലോക്ക് പഞ്ചായത്തുകളിലായി 11369 പ്രോജക്ടുകളും (അടങ്കൽ 1501 കോടി രൂപ), 69 മുനിസിപ്പാലിറ്റികളിലായി 14353 പ്രോജക്ടുകളും (അടങ്കൽ 963 കോടി രൂപ), 14 ജില്ലാ പഞ്ചായത്തുകളിലായി 6337 പ്രോജക്ടുകളും (അടങ്കൽ 961 കോടി രൂപ), 5 കോർപ്പറേഷനുകളിലായി 3956 പ്രോജക്ടുകളും (അടങ്കൽ 462 കോടി രൂപ) ഡാറ്റാഎൻട്രി നടത്തിയിട്ടുള്ളതായി നിരീക്ഷിച്ചു. കൊല്ലം, ആലപ്പുഴ, തൃശൂർ എന്നീ ജില്ലാ പഞ്ചായത്തുകളും തിരുവനന്തപുരം, കൊല്ലം, തൃശൂർ എന്നീ മുനിസിപ്പൽ കോർപ്പറേഷനുകളും പദ്ധതി രൂപീകരണത്തിൽ പിന്നിലാണെന്നും വിലയിരു ത്തുകയുണ്ടായി.

2.2 ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവയ്ക്ക് 2013 ജൂൺ 22 വരെയും, ജില്ലാ പഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ എന്നിവയ്ക്ക് ജൂൺ 29 വരെയും ഡാറ്റാഎൻട്രിക്ക് സമയം അനുവദിക്കാൻ തീരുമാനിച്ചു.

2.3 സെക്കന്ററി/ഹയർ സെക്കന്ററി സ്ക്കൂളുകളിലെ എല്ലാ വിദ്യാർത്ഥികൾക്കും മെച്ചപ്പെട്ട വിദ്യാഭ്യാസം പ്രദാനം ചെയ്യുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന രാഷ്ട്രീയ മാദ്ധ്യമിക് ശിക്ഷാ അഭിയാൻ (RMSA) എന്ന കേന്ദ്രാവിഷ്കൃത പദ്ധതിക്ക് ജില്ലാ പഞ്ചായത്തുകൾ വിഹിതം വയ്ക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകി തീരുമാനിച്ചു.

3. **പ്രത്യേക വിഷയങ്ങൾ**

**3.1 തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.34955/ഡി.ഡി.2/13/തസ്വഭവ)**
**തീയതി.19.06.2013**

കേസ് നടത്തിപ്പിന് അധികമായി നൽകേണ്ട ഫീസ് സംബന്ധിച്ച് ഭരണ വകുപ്പുതലത്തിൽ തീരുമാനമെടുക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.34903/ഡി.ഡി.2/13/തസ്വഭവ)**
**തീയതി.19.06.2013**

മിച്ചം വന്ന തുക തിരിച്ചടയ്ക്കാനുള്ള അനുവാദം നൽകാൻ തീരുമാനിച്ചു. മദ്യം, മയക്കുമരുന്ന് എന്നിവയ്ക്കെതിരെയുള്ള പ്രവർത്തനങ്ങൾക്ക് നിലവിൽ കോഡ് ഉള്ളതാണെന്ന് യോഗം വിലയിരുത്തി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 ഔഷധിയിൽ നിന്നും മരുന്നുകൾ വിതരണം**

**(ഫയൽ നം.34785/ഡി.എ1/13/തസ്വഭവ) തീയതി.19.06.2013**

ഔഷധി എം.ഡി.യുടെ ആവശ്യത്തിൻമേൽ ഭരണതലത്തിൽ തീരുമാനമെടുക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 പറപ്പൂർ ഗ്രാമപഞ്ചായത്ത് (ഫയൽ നം.57984/ഡി.ബി3/13/തസ്വഭവ) തീയതി.19.06.2013**

പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്ക് മാർഗരേഖ നിശ്ചയിക്കാൻ 12.06.2013-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനിച്ചിരുന്നു. ആയത് രൂപീകരിച്ചശേഷം പഞ്ചായത്തിന്റെ ആവശ്യം പരിഗണിക്കാമെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 തുമ്പമൺ ഗ്രാമപഞ്ചായത്ത് (ഫയൽ നം.26746/ഡി.ബി3/13/തസ്വഭവ) തീയതി.19.06.2013**

പാലിയേറ്റീവ് കെയർ ആവശ്യത്തിന് വാഹനം ഓടുന്ന ദിവസത്തേയ്ക്കുള്ള ചെലവ് നൽകാനുള്ള ഗ്രാമപഞ്ചായത്തിന്റെ ആവശ്യം അംഗീകരിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. 6 ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം35078/ഡി.ഡി2/13/തസ്വഭവ) തീയതി.19.06.2013**

ബ്ലോക്ക് പഞ്ചായത്തിന്റെ ആവശ്യത്തിന്മേൽ യഥേഷ്ടാനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 ക്ഷീര വികസനം സംബ്സിഡി മാനദണ്ഡങ്ങൾ**

**(ഫയൽ നം.34531/ഡി.എ1/13/തസ്വഭവ) തീയതി.19.06.2013**

ഇപ്പോൾ നിലവിലുള്ള സബ്സിഡി നിരക്കായ ലിറ്ററിന് 2 രൂപ എന്നത് 3 രൂപയായി വർദ്ധിപ്പിക്കാൻ തീരുമാനിച്ചു. മറ്റ് ആവശ്യങ്ങൾ അടുത്ത വർഷം പരിഗണിക്കാമെന്നും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്ത് (ഫയൽ നം.23578/ഡി.എ2/13/തസ്വഭവ)**

തനത് ഫണ്ടിൽ നിന്നും ചെലവ് നിർവഹിക്കാൻ അനുമതി നൽകി തീരുമാനിച്ചു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 രാമപുരം ഗ്രാമപഞ്ചായത്ത് (ഫയൽ നം.6907/ഡി.എ2/13/തസ്വഭവ) തീയതി.19.06.2013**

ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ട പ്രോജക്ടിന് ജനറൽ വിഭാഗം വികസന ഫണ്ട് വിനിയോഗിക്കാൻ അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 പട്ടികജാതി വിഭാഗം ഫണ്ട് ഉപയോഗിക്കുന്നത് സംബന്ധിച്ച്**

**(ഫയൽ നം നം.36378/ഡി.എ2/13/തസ്വഭവ) തീയതി.19.06.2013**

ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച് മാത്രമാണ് തദ്ദേശസ്വയംഭരണ വകുപ്പ് തീരുമാനമെന്നും മറ്റു തീരുമാനങ്ങൾ സെൻസസ് അനുസരിച്ചുള്ളതാണെന്നും യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 വണ്ടൂർ ഗ്രാമപഞ്ചായത്ത് (തീയതി.19.06.2013 )**

ഐ.എ.വൈ. പദ്ധതിക്ക് വിഹിതം ഉൾപ്പെടുത്തുന്നത് സംബന്ധിച്ച ഗ്രാമപഞ്ചായത്തിന്റെ ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 വാഴപ്പള്ളി ഗ്രാമപഞ്ചായത്ത് തീയതി.19.06.2013**
**( ബഹു എം.എൽ.എ.ശ്രീ.സി.എഫ് തോമസ് മുഖേന നൽകിയ നിവേദനം)**

കമ്മ്യൂണിറ്റി ഹാളിന്റെ ആവശ്യത്തിന് പ്ലാൻ ഫണ്ട് ഉപയോഗിക്കാൻ അനുവദിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 കോട്ടൂർ ഗ്രാമപഞ്ചായത്ത് (ബഹു എം.എൽ.എ ശ്രീ. പുരുഷൻ കടലുണ്ടി മുഖേന നൽകിയ നിവേദനം) തീയതി.19.06.2013**

ഭവന പദ്ധതികളിൽ നിർദ്ദേശിക്കപ്പെട്ട അളവിൽ കൂടുതൽ നിർമ്മിച്ചതിന് 16.01.2013-ലെ 3.2 ഇനമായിട്ടുള്ള കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാനം ബാധകമായിരിക്കുമെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 പി.റ്റി.എ - എ.എം.എച്ച്.എസ്.എസ്, പൂവമ്പായി , കിനാലൂർ. (ബഹു.എം.എൽ.എ. ശ്രീ. പുരുഷൻ കടലുണ്ടി മുഖേന നൽകിയ നിവേദനം) തീയതി.19.06.2013**

ഈ വിഷയം കോഓർഡിനേഷൻ കമ്മിറ്റിയിൽ തീരുമാനിക്കേണ്ട വിഷയമല്ലെന്ന് യോഗം വിലയിരുത്തി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് - വയനാട്**
**(ബഹു. എം.എൽ.എ ശ്രീ.ഐ.സി. ബാലകൃഷ്ണൻ മുഖേന നൽകിയ നിവേദനം)**
**തീയതി.19.06.2013**

സബ്സിഡി മാനദണ്ഡങ്ങളിൽ നിലവിലുള്ള വ്യവസ്ഥ അനുസരിച്ച് പ്രോജക്ടുകൾ നടപ്പാക്കേണ്ടതാണെന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.16 വടകര ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 35627/ഡി.ഡി.2/13/തസ്വഭവ)**
**തീയതി.19.06.2013**

ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് മുച്ചക്ര വാഹനം നൽകുന്നത് സംബന്ധിച്ച് സബ്സിഡി മാർഗരേഖയിലെ നിബന്ധനകൾ പാലിക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.17 കണ്ണൂർ ജില്ലാ പഞ്ചായത്ത് (ഫയൽ നം. 37404/ഡി.ബി.3/13/തസ്വഭവ)**
**തീയതി.19.06.2013**

വിജയോത്സവ പരിപാടിക്ക് ചെലവ് ചെയ്തതിന് സാധൂകരണം നൽകി തീരുമാനിച്ചു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.18 ചക്കുപള്ളം ഗ്രാമപഞ്ചായത്ത്-മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ കത്ത് (ഫയൽ നം. 770058/ഡി.ഡി.2/12/തസ്വഭവ)**
**തീയതി.19.06.2013**

പഞ്ചായത്ത് ആവശ്യപ്പെട്ടതുപോലെ തനതുഫണ്ടിൽ നിന്നും ഗഡുക്കളായി തിരിച്ചടയ്ക്കാൻ അനുവദിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**കോഓർഡിനേഷൻ കമ്മിറ്റിയുടെ അടുത്ത യോഗം 26.06.2013-ന് അസംബ്ലി മന്ദിരത്തിലെ ബഹു. പഞ്ചായത്ത് വകുപ്പ് മന്ത്രിയുടെ ചേമ്പറിൽ 2 pm ചേരുന്നതിന് തീരുമാനിച്ചു.**

**(യോഗം 3.30.ന് അവസാനിച്ചു)**